കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.8/1557/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ ജില്ല
തീയതി.05.11.2018
ഫോൺ: 0477-2252753
ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.8/1557/2018 തീയതി.05.11.2018

## ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.07.2017 മുതൽ 17.09.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 15.10.2018മുതൽ<br>26.10.2018 വരെ | ശ്രീമതി.വി.മായ,ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രശോഭൻ.കെ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ജാക്വലിൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. പ്രീത, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. എം. ഷീജ | 01.04.2017 മുതൽ 31.03.2018 വരെ |

2.സെക്രട്ടറി

| | |
|---|---|
| ശ്രീ. കെ.എൻ.വിമൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. ഉണ്ണികൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീമതി. സുലഭ ഷാജി | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. ആർ. രജിമോൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീമതി. കെ.കെ.ലത | 01.04.2017 മുതൽ 31.03.2018 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ആഭാ രാജ് | 01.04.2017 മുതൽ 21.12.2017 FN വരെ |
| | ശ്രീ.അക്ഷയ് ശശിധരൻ | 21.12.17 AN മുതൽ 29.01.2018 FN വരെ |
| | ശ്രീമതി.ഷിജിന | 29.01.2018 AN മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. ബിന്ദുപ്രിയ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ഷീബ.എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. എം.ലീന | 01.04.2017 മുതൽ 05.06.2017വരെ |
| | ഡോ.ഐസക് സാം | 06.06.2017 മുതൽ 13.06.2017 വരെ |
| | ഡോ.ജോയ് ജോർജ്ജ് | 14.06.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി. നാജില നബീസത്ത് | 01.04.2017 മുതൽ 15.12.2017FN |

| | | |
|---|---|---|
| സൂപ്പർവൈസർ | | വരെ |
| | ശ്രീമതി. അഞ്ജു അരുമനായകൻ | 15.12.2017AN മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഷൈന ഹാഷിം | 01.04.2017 മുതൽ 31.03.03.2018 വരെ |
| എച്ച്.എം.എൽ.പി.എസ് | ശ്രീ. ആദംകുട്ടി | 01.04.2017മുതൽ 31.03.2018 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ. പ്രശാന്ത് | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. പുന്നപ്ര | ശ്രീമതി.സെറീന.പി.എസ് | 01.04.2017 മുതൽ 20.07.2017 വരെ |
| | ശ്രീമതി.സുമ.പി | 21.07.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. അറവുകാട് | ശ്രീമതി. ജയശ്രീ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്പക്ടർ | ശ്രീമതി. സിനി.എസ്. നായർ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| | | ഭാഗം – 1 |
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| | | ഭാഗം – 2 |
| 2 | 2-1 | വസ്തുനികുതി നിർണ്ണയം അപാകതകൾ |
| 3 | 2-2 | അനധികൃതകെട്ടിടനിർമ്മാണത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല |
| 4 | 2-3 | നിയമാനുസൃതമല്ലാത്ത നിർമ്മാണത്തിന് പിഴ ഈടാക്കിയില്ല |
| 5 | 2-4 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം |

| | | |
|---|---|---|
| 6 | 2-5 | ഡി & ഒ ലൈസൻസ് അപാകതകൾ |
| 7 | 2-6 | വാടക ഇനത്തിൽ കുടിശ്ശിക |
| 8 | 2-7 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല |
| 9 | 2-8 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ |
| ഭാഗം – 3 | | |
| 10 | 3-1 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ അധിക തുക നൽകി |
| 11 | 3-2 | സമഗ്ര തെങ്ങു കൃഷി ഇടവിളകൃഷി വികസനം -വളം പൂർണ്ണമായും വിതരണം ചെയ്തില്ല – തുക നിരാകരിക്കുന്നു |
| 12 | 3-3 | തെരുവ് വിളക്ക് L.E.D. ബൾബ് സ്ഥാപിക്കൽ ഇൻസ്റ്റലേഷൻ ചാർജ് അധികം നൽകി. |
| 13 | 3-4 | സബ്സിഡി ഇനത്തിൽ തുക അധികം ചെലവഴിച്ചു |
| 14 | 3-5 | പൊതു ടാപ്പുകൾ പൂട്ടുന്നതിനായി വൻ തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു |
| 15 | 3-6 | വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് പദ്ധതി - പോരായ്മകൾ |
| 16 | 3-7 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം |
| 17 | 3-8 | പൈപ്പ് കംപോസ്റ്റ് - പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ |
| 18 | 3-9 | നെൽവിത്ത് വിതരണം അപാകതകൾ |
| 19 | 3-10 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 20 | 3-11 | പാലിയേറ്റിവ് കെയർ സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ല |
| 21 | 3-12 | ലൈഫ് പദ്ധതി - ബാങ്ക് അക്കൗണ്ട് രൂപീകരണം |
| 22 | 3-13 | വൃദ്ധജന ക്ഷേമ പ്രവർത്തനങ്ങൾ പ്രോജക്ട് (പ്രോജക്ട് നം.S157/18) നടത്തിപ്പ് കാര്യക്ഷമമല്ല |
| ഭാഗം – 4 | | |
| 23 | 4-1 മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 24 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 25 | അനുബന്ധം.2 | ഖണ്ഡിക 3-1 നഷ്ടത്തിനുത്തരവാദികളായ ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ സ്ഥിരം മേൽവിലാസം |
| 26 | അനുബന്ധം.3 | |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

31.03.2017 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ

ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 155706188 | 151610308 |

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് നിയമം 214(1) വകുപ്പിൽ അനുശാസിക്കുന്ന സമയക്രമം പാലിക്കുകയോ നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കുകയോ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയിൽ നടത്തിയിട്ടില്ല.

നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 22.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | KSA-ALP-GA4-1126(32)/2018<br>തീയതി. 30.07.2018 | വിശേഷണങ്ങളോടുകൂടിയത് |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21692025 |
| വരവ് | 62075681 |

| | |
|---|---|
| ആകെ | 83767706 |
| ചെലവ് | 75826146 |
| നീക്കിയിരിപ്പ് | 7941560 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 17930000 | 17930000 | 16000927 | 1929073 |
| വികസനഫണ്ട് എസ്.സി.പി | 0 | 1924823 | 1924823 | 1470729 | 454094 |
| വികസനഫണ്ട് ടി.എസ്.പി | 0 | 191922 | 191922 | 184500 | 7422 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 4729000 | 4729000 | 4729000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 0 | 3935000 | 3935000 | 2933977 | 1001023 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8420815 | 8420815 | 8420815 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 2953925 | 2953925 | 2691845 | 262080 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 14988632 | 9610000 | 24598632 | 22286233 | 2312399 |
| എസ്.ബി.റ്റി ലിറ്ററസി | 5046 | 188 | 5234 | 0 | 5234 |
| എസ്.ബി.റ്റി ഡിസ്ട്രസ് റിലീഫ് ഫണ്ട് | 3066 | 114 | 3180 | 0 | 3180 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1539 | 1116433 | 1117972 | 1117972 | 0 |

| | | | | | |
|---|---|---|---|---|---|
| ട്രഷറി റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ | 0 | 825800 | 825800 | 825800 | 0 |
| ബി ഫണ്ട് | 0 | 346920 | 346920 | 346920 | 0 |
| തനത് ഫണ്ട് | 5414772 | 10519064 | 15933836 | 11722723 | 4211113 |
| ക്യാഷ് (തനത് ഫണ്ട്) | 242371 | 314865 | 557236 | 242371 | 314865 |
| എസ്.എസ്.എ | 24301 | 943 | 25244 | 59 | 25185 |
| ജീവധാര | 411698 | 10072 | 421770 | 421770 | 0 |
| സാനിറ്റേഷൻ | 600600 | 1727349 | 2327949 | 1258365 | 1069584 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 58033022 | 107 | 40134853 | 16 | 35 | 67.72 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1539 | 1116433 | 1117972 | 1117972 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 48115026 | 48115026 | 48115026 | 0 |
| മെറ്റീരിയൽസ് സപ്ലൈ | | | | | |
| ആകെ | 1539 | 49231459 | 49232998 | 49232998 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 286920 | 1408 |
| കർഷകതൊഴിലാളി പെൻഷൻ | 8650900 | 760 |
| വിധവാ പെൻഷൻ | 8920900 | 825 |
| വാർദ്ധക്യകാല പെൻഷൻ | 16613000 | 1647 |
| വികലാംഗ പെൻഷൻ | 4318300 | 374 |
| അവിവാഹിത പെൻഷൻ | 649300 | 82 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 60000 | 2 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12180/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമപഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജന ങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ(എം.എസ്.) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.
2. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
5. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. 2017-18, 2018-19 വർഷങ്ങളിലേക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ ആണ് ഉപയോഗിക്കുന്നത്. ഓരോ ഇനങ്ങളിലുമുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.

9. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
10. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.10.2018 – 22.10.2018 | 5/18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.08.2016 | 2011-12മുതൽ 2016-17 വരെ | 22.08.2016 |

### 1-12 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക കണക്കിൽ കാണപ്പെട്ട അപാകതകൾ കെ.എസ്.എ.എ.എൽ.പി. ജിഎ.4/1126(32)/2018 തീയതി. 30.07.2018 പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെങ്കിലും ഈ അപാകതകൾ പരിഹരിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയം അപാകതകൾ

1. ശ്രീ.നജ്മൽ ബാബു, വെള്ളിമുറ്റം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം ക്രമവത്ക്കരിച്ച് വാസഗൃഹത്തിന് V111/380A നമ്പറും, വീടിനോട് ചേർന്നുള്ള കടമുറിക്ക് V111/380B നമ്പറും നൽകി നികുതി അസ്സസ് ചെയ്തിട്ടുണ്ട്, സഞ്ചയസോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ കടയ്ക്ക് വഴിസൗകര്യം 1.5 മീറ്റർ കുറവ് രേഖപ്പെടുത്തി 103.74 രൂപ ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതോടൊപ്പമുള്ള വാസഗൃഹത്തിന് 1.5 മീറ്ററിൽ കൂടുതൽ വഴി രേഖപ്പെടുത്തി ഇളവിന് അർഹതയില്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. വിവരശേഖരണഫോറത്തിൽ 1.5 മീറ്ററിൽ കൂടുതൽ വഴി രേഖപ്പെടുത്തി ഇളവിന് അർഹതയില്ല എന്നുമാണ് അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. മേൽ അപാകത പരിശോധിക്കേണ്ടതാണ്. സഞ്ചയസോഫ്റ്റ്‌വെയറിലെ ഡാറ്റയുടെ കൃത്യത ഉറപ്പാക്കി പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടാകുന്നില്ല എന്ന് സെക്രട്ടറിയും ചുമതലയുള്ള ഉദ്യോഗസ്ഥരും ഉറപ്പാക്കേണ്ടതാണ്.
2. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിലുള്ള കാർമ്മൽ പോളിടെക്നിക്ക് കോളേജിന്റെ കോമ്പൗണ്ടിൽ ഫെഡറൽ ബാങ്കിന്റെ ഒരു ശാഖ സ്ഥിതിചെയ്യുന്നുണ്ട്. ബാങ്കിന്റെ വസ്തു നികുതി ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ബാങ്ക് കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ വർഷം മുതൽ നാളിതുവരെയുള്ള വസ്തുനികുതി കണക്കാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 അനധികൃതകെട്ടിടനിർമ്മാണത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 (FF) പ്രകാരം ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടാൽ ആയതിനെതിരെ സ്വീകരിക്കേണ്ട തുടർനടപടികൾക്ക് ഭംഗം വരാതെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക വസ്തുനികുതിയായി കെട്ടിടഉടമയിൽ നിന്നും ഈടാക്കണം. കേരളാ പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് അനധികൃതനിർമ്മാണത്തിന്റെ വർഷം കണക്കാക്കി UA നമ്പർ നൽകേണ്ടതാണ്, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിലെ ശ്രീ.പി.എ അബ്ദുൾ സമീർ, പറത്തറ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 10/61-ാം നം. കെട്ടിടത്തോടനുബന്ധിച്ച് അനധികൃതമായി നിർമ്മിച്ച മൂന്ന് നില കെട്ടിടത്തിന് മേൽവിവരിച്ച പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. 1985 ൽ നിർമ്മിച്ച മേൽകെട്ടിടത്തോടനുബന്ധിച്ച് നടത്തിയ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവത്ക്കരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചത് 2016 - ൽ ആണ്. 2016 – ൽ ഒന്നാം നിലയിൽ പണിത മുറി ((തറ വി. 18.24 $m^2$, stair room 9.83 $m^2$) നമ്പരിട്ട് റഗുലറൈസ് ചെയ്യുന്നതിനായി അപേക്ഷ സമർപ്പിക്കുകയുമുണ്ടായി. എന്നാൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുവാദം, ടോയ്‌ലറ്റ് നിർമ്മിക്കൽ, വൈദ്യുതലൈനുമായുള്ള നിയമാനുസൃത അകലം തുടങ്ങിയ ന്യൂനതകൾ പരിഹരിക്കുന്നതിനായി അപേക്ഷ തിരിച്ചയയ്ക്കുകയുണ്ടായി. തുടർന്ന് കെട്ടിടത്തിൽ നടത്തിവരുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെക്കാനാവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി സ്റ്റോപ്പ് മെമ്മോ നൽകുകയുണ്ടായി. പഞ്ചായത്ത് രേഖകൾ പ്രകാരം 33 വർഷം പഴക്കമുള്ളതും, 9$m^2$ പ്ലിന്ത് ഏരിയ മാത്രമുള്ള ഒറ്റ മുറി കടയായിരുന്ന അത്. എന്നാൽ അനുമതി ഇല്ലാതെ ഘടനയിൽ മാറ്റം വരുത്തി സ്റ്റെയർ റൂം ഉൾപ്പെടെ മൂന്ന് നിലകളിലായി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി എഞ്ചിനീയർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണ ചട്ടം 97 A പ്രകാരം കെട്ടിടനിർമ്മാണ ചട്ടം നിലവിൽ വരുന്നതിന് മുൻപുള്ള കെട്ടിടനിർമ്മാണമായതിനാൽ പ്ലാനിലെ അപാകത പരിഹരിക്കുവാൻ കെട്ടിട ഉടമയോട് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതും റഗുലറൈസ് ചെയ്യാവുന്നതാണെങ്കിൽ അത്തരം നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കേണ്ടതും അല്ലാത്തപക്ഷം കെട്ടിടം പൊളിച്ചുനീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

## 2-3 നിയമാനുസൃതമല്ലാത്ത നിർമ്മാണത്തിന് പിഴ ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും 235 (Z) വകുപ്പ് പ്രകാരം സെക്രട്ടറിയുടെ അനുവാദം കൂടാതെ ആരംഭിച്ച നിർമ്മാണ പ്രവർത്തനത്തിന് പിഴ ഈടാക്കുകയോ കെട്ടിടനിർമ്മാണം ക്രമവത്ക്കരിക്കുകയോ ചെയ്യേണ്ടതാണ്. 7-ാം വാർഡിൽ ശ്രീ.സത്താർ എന്ന വ്യക്തി സെക്രട്ടറിയുടെ പെർമിറ്റ് ഇല്ലാതെയാണ് കെട്ടിടനിർമ്മാണം ആരംഭിച്ചത്, നിർമ്മാണം ഭാഗികമായി പൂർത്തിയാക്കിയപ്പോൾ പെർമിറ്റിന് അപേക്ഷിക്കുകയും തുടർനിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുകയുമുണ്ടായി. കെട്ടിടം ക്രമവത്ക്കരിക്കാതെയും നിയമാനുസൃത പിഴ ഈടാക്കാതെയുമാണ് തുടർനിർമ്മാണ ത്തിന് പെർമിറ്റ് നൽകിയത്. 141.61$m^2$ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് 425/- രൂപ പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുണ്ട്. സെക്രട്ടറിയുടെ പെർമിറ്റ് ഇല്ലാതെ നിർമ്മാണം നടത്തിയതിനാൽ നിയമാനുസൃത പിഴ ഈടാക്കുകയോ, പെർമിറ്റ് ഫീസിന്റെ ഇരട്ടിവാങ്ങി നിർമ്മാണ പ്രവർത്തനം ക്രമവത്ക്കരിക്കേണ്ടതാണ് .

## 2-4 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ റൂൾ 17 പ്രകാരം പെർമിറ്റ് അനുവദിച്ച തീയതി മുതൽ മൂന്ന് വർഷത്തേക്ക് നിർമ്മാണാനുവാദം സാധുവായിരിക്കുന്നതാണ്. ഇതിൻപ്രകാരം ഗ്രാമപഞ്ചായത്തിലെ 2014-15-ൽ നിർമ്മാണാനുവാദം നൽകിയ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സമയം 2017-18 ആണ്. 2014-15-ൽ ഗ്രാമപഞ്ചായത്തിൽ 31 നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് നൽകിയ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടനിർമ്മാണം യഥാസമയം പൂർത്തിയാക്കിയതിന്റെയോ, കെട്ടിടനമ്പർ നൽകി നികുതി അസ്സസ് ചെയ്തതിന്റെയോ, യഥാസമയം പുതുക്കാത്തവർക്കും കൂട്ടിച്ചേർക്കലുകൾ നടത്തിയവർക്കും ക്രമവത്ക്കരണ ഫീസ് ഈടാക്കിയതിന്റെയോ, വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. കാലപരിധിക്കുള്ളിൽ സമയം നീട്ടികിട്ടുന്നതിനുള്ള അപേക്ഷ സമർപ്പിക്കാത്ത പക്ഷം നിർമ്മാണാനുവാദം കാലഹരണപ്പെട്ട് പോകുന്നതാണ്. ഇത്തരത്തിൽ നിർമ്മാണാനുവാദം കാലഹരണപ്പെട്ട് പോയ കെട്ടിടങ്ങളുടെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. പെർമിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 ഡി & ഒ ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ട്യൂട്ടോറിയൽ കോളേജ് രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2 ട്യൂട്ടോറിയൽ കോളേജ് പ്രവർത്തിക്കുന്നതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ലായെന്ന് കാണുന്നു. 1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 ൽ ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ കോളേജുകൾ പ്രവർത്തിക്കുന്നത് ചട്ടലംഘനമായതിനാൽ, ഈ സ്ഥാപനങ്ങൾ അടിയന്തിരമായി ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൃത്യമായ മേൽനോട്ടവും നിർദ്ദേശവുമുണ്ടായിരിക്കേണ്ടതാണ്.

2.ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.17ന് സെക്രട്ടറി നൽകിയ മറുപടിയിൽ നിന്നുമുള്ള വിവരങ്ങൾ)

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളും അവയുടെ ലൈസൻസും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയൊന്നും ലൈസൻസ് എടുത്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. തൻവർഷം ലൈസൻസ് എടുക്കാതെ നിയമവിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ള സ്ഥാപനങ്ങൾ ക്കെതിരെ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 2-6 വാടക ഇനത്തിൽ കുടിശ്ശിക

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടക ഇനത്തിൽ കുടിശ്ശിക ഉള്ളതായി കാണുന്നു. 2014-15 വർഷത്തെ 788/-രൂപയും, 2015-16 വർഷത്തെ 6432/- രൂപയും, 2016-17 വർഷത്തെ 3000/- രൂപയും ചേർത്ത് ആകെ 10220/-രൂപ ഈ ഇനത്തിൽ പിരിച്ചെടുക്കാനുണ്ട്. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ട താണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ്

തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഡി&ഒ ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്നവരുടെ വാർഡ് തിരിച്ച് എഴുതിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തന്മൂലം എല്ലാ വ്യാപാരികളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നതായോ തൊഴിൽ നികുതി ഒടുക്കുന്നതായോ ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത് ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനിടവരുത്തും. ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കൃത്യമായ വിവരശേഖരണം, തുടർനടപടികൾ എന്നിവ ഇതുമൂലം സാധ്യമാകുന്നില്ല. പഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പേര്, ചെയ്യുന്ന വ്യാപാരം/വ്യവസായം/മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ, കെട്ടിട നം., ഉടമയുടെ പേര്, സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര്, ഈടാക്കുന്ന ലൈസൻസ് ഫീസ് എന്നിവ ക്രോഡീകരിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതും തനതു വരവിനങ്ങൾ കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കി, പഞ്ചായത്ത് വരുമാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കേണ്ടതുമാണ്. എല്ലാ വ്യാപാരസ്ഥാപനങ്ങളെ കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനും അവരെ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-8 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

1. തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 3 കള്ളുഷാപ്പുകൾ, റേഷൻ കടകൾ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. സ്ഥാപന നികുതി ഡിമാന്റ് ചെയ്തിട്ടില്ല

കാർമ്മൽ പോളിടെക്നിക്കിൽ പ്രവർത്തിക്കുന്ന ഫെഡറൽ ബാങ്കിന്റെ സ്ഥാപന നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ അധിക തുക നൽകി

ICDS സൂപ്പർവൈസർ നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നം.169/18) ബിൽ നം.17/24-3-2018 പ്രകാരം 5 ലക്ഷം രൂപ പിൻവലിച്ച് 115 കട്ടിലുകൾക്കായി കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് - ന നൽകി. ഈ പ്രോജക്ടിനായി ടെണ്ടർ നടപടി സ്വീകരിച്ചിരുന്നുവെങ്കിലും 12-03-2018 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 1(5) തീരുമാന പ്രകാരം ടെണ്ടർ മാറ്റി കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും നേരിട്ടു വാങ്ങുവാൻ തീരുമാനിച്ചു. ICDS സൂപ്പർവൈസർ നടപ്പാക്കിയ വയോജന ക്ഷേമ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിനായി ഇതേ സ്പെസിഫിക്കേഷനിലുള്ള (198x90 മുൻ കാൽ 60cm പിൻ കാൽ 50cm, 8mm പ്ലൈവുഡ്) കട്ടിൽ ഒന്നിന് 3690/- രൂപ വച്ച് സപ്ലൈ ചെയ്തിരുന്നു. എന്നാൽ ഈ പ്രോജക്ട് പ്രകാരം കട്ടിൽ ഒന്നിന് 4348/- രൂപ വച്ചാണ് കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് – ന നൽകിയത്. തൻമൂലം ഒരു കട്ടിലിന് 658/-രൂപ വച്ച് 115 കട്ടിലുകൾക്ക് 75670/-രൂപ അധികം നൽകിയത് ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/23.10.18)ICDS സൂപ്പർവൈസർ നൽകിയ മറുപടിയിൽ കട്ടിൽ സപ്ലൈ ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചിരുന്നു എന്നും മത്സരാധിഷ്ഠിതമായ ടെണ്ടർ ലഭിക്കാത്തതിനാലും ഗുണമേന്മ ഉറപ്പാക്കാൻ സാധിക്കാത്തതിനാലും KADCO-യിൽ വാങ്ങാൻ തീരുമാനിച്ചു എന്നുമാണ് പറയുന്നത്. എന്നാൽ കുറഞ്ഞ വിലയിൽ തൻവർഷം തന്നെ കട്ടിൽ വിതരണം ചെയ്തു എന്നത് പരിഗണിച്ചിട്ടില്ല എന്നതിനാൽ ICDS സൂപ്പർവൈസറുടെ മറുപടി പരിഗണിക്കുന്നില്ല. തുക വിശദമായ പരിശോധന നടത്താതെ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനു സപ്ലൈ ഓർഡർ നൽകി തീരുമാനമെടുത്ത പഞ്ചായത്തു കമ്മറ്റി അംഗങ്ങളുടെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബാദ്ധ്യതയായി കണക്കാക്കുന്നു.

## 3-2 സമഗ്ര തെങ്ങു കൃഷി ഇടവിളകൃഷി വികസനം -വളം പൂർണ്ണമായും വിതരണം ചെയ്തില്ല – തുക നിരാകരിക്കുന്നു

പ്രോജക്ട് നം. S0076/18

അടങ്കൽ 924000 /- (വികസനഫണ്ട്)

153000 /- (ഗുണഭോക്തൃവിഹിതം)

ബിൽ നം. -3/17-18/06.01.18, 462000/-

4/17-18/22.01.18, 462000/-

153000/- (ഗുണഭോക്തൃവിഹിതം ചെക്ക് നം. 8911883/25.01.2018)

2017-18 - ൽ കൃഷിഓഫീസർ നിർവ്വഹണം നടത്തിയ സമഗ്രതെങ്ങു കൃഷി ഇടവിളകൃഷി വികസനം പദ്ധതിയുടെ ഭാഗമായി തെങ്ങിൻ തൈ (600 എണ്ണം). കിഴങ്ങുവർഗ്ഗകിറ്റ് (300 പായ്ക്കറ്റ്), മരച്ചീനികമ്പ് (6000 എണ്ണം), വാഴവിത്ത് (9000 എണ്ണം), ബോറാക്സ് (300kg), ജൈവവളം (20000 kg) കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നും വാങ്ങി 300 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വളത്തിനും വിത്തിനുമായി ഗുണഭോക്തൃവിഹിതമായി ഒരു ഗുണഭോക്താവിൽനിന്നും 510/-രൂപ വാങ്ങിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം 153000/- രൂപയും വികസനഫണ്ട് 924000/- രൂപയും ഉൾപ്പെടെ ആകെ 1077000/- രൂപ കേരള അഗ്രോ ഇൻഡസ്ട്രീസിൽ നൽകിയിട്ടുണ്ട്.

വിതരണരജിസ്റ്ററിൽ വളം വിതരണവിവരം രേഖപ്പെടുത്തിയിട്ടുള്ളത് ക്രമപ്രകാരമല്ല. ഒരു ഗുണഭോക്താവിന് നൽകേണ്ട വിത്തുകളുടെയും വളത്തിന്റെയും അളവ് വിതരണരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് താഴെയായി ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓരോ ഗുണഭോക്താവും കൈപ്പറ്റിയ വിത്തുകളുടെയും വളത്തിന്റെയും അളവ് അതാത് ഗുണഭോക്താവിന്റെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ഗുണഭോക്താവിന് അർഹതപ്പെട്ട വിത്തുകളും വളവും ലഭ്യമായോ എന്ന് ഉറപ്പ് വരുത്താനായില്ല.

വിതരണ രജിസ്റ്റർ പ്രകാരം ഒരു ഗുണഭോക്താവിന് 53 kg വളം ആണ് നൽകിയട്ടുള്ളത് (bonemeal – 28kg, neem cake – 25kg) ഒരു കിലോഗ്രം വളത്തിന് 24/-രൂപ പ്രകാരം കേരളാ അഗ്രോ ഇൻഡസ്ട്രീസിൽ നിന്നും 20,000 kg വളം വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട് (invoice no. V-198A/17-18 /13.11.17, 10000 kg, invoice no. V-468A/17-18 /20.12.17, 10000 kg). 20,000 kg വളം 300 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്യുമ്പോൾ ഒരു ഗുണഭോക്താവിന് 66.6 kg വളത്തിന് അർഹതയുണ്ട്. വിതരണരജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ഒരു ഗുണഭോക്താവിന് 53 kg വളം പ്രകാരം 300 ഗുണഭോക്താക്കൾക്ക് 15900 kg വളം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. വിതരണ രജിസ്റ്ററിലെ കണക്ക് പ്രകാരം 4100 kg വളം വിതരണം ചെയ്യപ്പെടാതെ അവശേഷിക്കുന്നു. ആയതിന്റെ വിതരണവിവരം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ക്ലറിക്കൽ മിസ്റ്റേക്ക് സംഭവിച്ച തിനാലാണ് ഇപ്രകാരം ഉണ്ടായതെന്ന മറുപടിയാണ് ഹാജരാക്കിയത്. വളം വിതരണം ചെയ്തതിന്റെ അളവ് രേഖപ്പെടുത്തിയതിൽ ക്ലറിക്കൽ മിസ്റ്റേക്ക് ഉണ്ടായെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. വളത്തിന്റെ വിതരണ രേഖകൾ ഓഡിറ്റിൽ ഹാജരാക്കാത്തതിനാൽ 4100 kg

വളത്തിന്റെ വിലയായ 98400/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക നിർവ്വഹണോദ്യോഗസ്ഥയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് വിത്തിന്റെയും വളത്തിന്റെയും വിലയായ 1077000/- രൂപ നൽകിയിട്ടുണ്ട്. സ്ഥാപനം തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രസീത് ഓഡിറ്റിൽ പരിശോധയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 3-3 തെരുവ് വിളക്ക് L.E.D. ബൾബ് സ്ഥാപിക്കൽ ഇൻസ്റ്റലേഷൻ ചാർജ് അധികം നൽകി

സെക്രട്ടറി നടപ്പാക്കിയ തെരുവ് വിളക്ക് L.E.D. ബൾബ് സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നം.S 095/18) കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ (KREWS) നിന്നും 187 LED ലൈറ്റുകൾ വാങ്ങി. KREWS ന്റെ ബിൽ പ്രകാരം ഒരു LED ലൈറ്റിന്റെ വില 3023/- രൂപയും ഇൻസ്റ്റലേഷൻ ചാർജ് 177/-രൂപയും ഉൾപ്പെടെ ആകെ 3200/-രൂപ വച്ച് 187 എണ്ണത്തിന് 598401/-രൂപയാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ബിൽ നം.21/30-01-2018 പ്രകാരം 5 ലക്ഷം രൂപയും ബിൽ നം.22/30-01-2018 പ്രകാരം 65302/-രൂപയും ഉൾപ്പെടെ ആകെ 565302/- രൂപ KREWS – ന നൽകിയിട്ടുണ്ട്. ഒപ്പം പ്രോജക്ടിനായി 1419/- രൂപ തനത് ഫണ്ട് KSEB-യ്ക്ക് സൂപ്പർവിഷൻ ചാർജ് നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ പ്രകാരം (പേജ്.14) 17-04-2018 വരെ 184 LED ലൈറ്റുകൾ സ്ഥാപിച്ചതായി കാണുന്നുണ്ട്. ഇവ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തുമായി കരാർ വച്ചിട്ടുള്ള ശ്രീ.വിചിത്രൻ വിചിത്രാ ഏജൻസിയാണ് സ്ഥാപിച്ചതായി കാണുന്നത്. ഈ ഇനത്തിൽ ചെക്ക് നം. 9621/3-11-2017 പ്രകാരം 150 LED ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്തതിന് 29700/- രൂപയും (വൗച്ചർ നം.660/03-11-17), ചെക്ക് നം. 10358/22-12-2017 പ്രകാരം 64 LED ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്തതിന് 12672/-രൂപയും (വൗച്ചർ നം.794/22-12-17) ഉൾപ്പെടെ 42372/-രൂപ ശ്രീ.വിചിത്രനു നൽകിയിട്ടുണ്ട്. ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്യുന്നതിനുൾപ്പെടെയുള്ള സംഖ്യയാണ് KREWS – ന നൽകിയിട്ടുള്ളത്. എന്നാൽ ഇതു പരിഗണിക്കാതെ LED ഇൻസ്റ്റാൾ ചെയ്ത ഇനത്തിൽ ശ്രീ.വിചിത്രന് പണം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഇതു സംബന്ധിച്ചുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി നൽകിയ മറുപടിയിൽ മുകളിൽ കാണിച്ചിട്ടുള്ള 42372/-രൂപയുടെ ചെലവ് LED ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്തതിന് അല്ല എന്നും നിലവിലുള്ള ലൈറ്റുകൾ നന്നാക്കിയതിനാണെന്നും പറയുന്നു. എന്നാൽ 23-10-2018-ൽ KSEB അസിസ്റ്റന്റ് എഞ്ചിനീയർ തെരുവ് വിളക്കുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയതിൽ LED ലൈറ്റുകൾ ഉൾപ്പെട്ടിട്ടില്ല. നിലവിൽ LED ലൈറ്റുകൾ ഇല്ലെന്നിരിക്കേ നിലവിലുള്ള LED ലൈറ്റുകൾ നന്നാക്കിയതിനാണീ ചെലവ് ചെയ്തതെന്നു അറിയിച്ചിട്ടുള്ളത് വസ്തുതയ്ക്ക് നിരക്കുന്നതല്ല. ആയതിനാൽ 42372/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. 3 ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്തതായുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ ഇതിനു വന്നിട്ടുള്ള 9600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 സബ്സിഡി ഇനത്തിൽ തുക അധികം ചെലവഴിച്ചു

പ്രോജക്ട് നം. S0091/18

അടങ്കൽ 45000/- ( വികസനഫണ്ട്)

5000/- (ഗുണഭോക്തൃവിഹിതം)

ബിൽ നം. 2/17-18/06.01.18, 45000/-

5000/- (ഗുണഭോക്തൃവിഹിതം) (ചെക്ക് നം. 011445/17.03.18)

2017-18 വർഷം കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പച്ചക്കറിവികസനം വനിതകൾക്കും ഗ്രൂപ്പുകൾക്കും എന്ന

പദ്ധതിയുടെ ഭാഗമായി പച്ചക്കറിവിത്തിനോടൊപ്പം വിതരണം ചെയ്യാനായി 900 kg ജൈവവളം കാക്കാഴം നീർക്കുന്നം സർവ്വീസ് സൊസൈറ്റിയിൽ നിന്നും വാങ്ങി ഒരു ഗുണഭോക്താവിന് 9 kg എന്ന നിരക്കിൽ 100 പേർക്ക് 900 kg വിതരണം ചെയ്തിട്ടുണ്ട്. അംഗീകൃത പദ്ധതി പ്രകാരം 200/- രൂപ വികസനഫണ്ടും, 50/- രൂപ ഗുണഭോക്തൃവിഹിതം ആയിട്ടാണ് തുക വകയിരുത്തിയിട്ടുള്ളത്. ഒരു യൂണിറ്റിന് 250/- രൂപ വില പ്രകാരമാണ് കാക്കാഴം നീർക്കുന്നം സർവ്വീസ് സൊസൈറ്റിയിൽ നിന്നും വളം വാങ്ങിയിട്ടുള്ളത് (ഇൻവോയ്സ് നം. 802/10.01.18). ഒരു യൂണിറ്റ് വളത്തിന് (9 kg) 200/- രൂപ വികസനഫണ്ടും, 50/- രൂപ ഗുണഭോക്തൃവിഹിതം എന്നത് പ്രകാരം 20,000 /- രൂപ വികസനഫണ്ടും 5000/- രൂപ (ചെക്ക് നം. 011445/17.03.18) ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 25000/- രൂപ വളത്തിനായി ചെലവഴിച്ചിട്ടുണ്ട്. സ.ഉ (എം.എസ്) നം.80/17 /ത.സ്വ.ഭ.വ 03.04.2017 മാർഗ്ഗരേഖപ്രകാരം ജൈവവളം വിലയുടെ 75% ശതമാനം മാത്രമാണ് സബ്സിഡിയായി നൽകാവുന്നത്. ഇപ്രകാരം ഒരു യൂണിറ്റ് വളത്തിന്റെ വിലയായ 250/- രൂപയുടെ 75% ആയ 187.5/- രൂപ മാത്രമേ വികസനഫണ്ട് ചെലവഴിക്കാൻ അർഹതയുള്ളൂ. ബാക്കി തുക ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതായിരുന്നു. എന്നാൽ 200/- രൂപ വികസനഫണ്ട് ചെലവഴിക്കുകയുണ്ടായി. ഒരു ഗുണഭോക്താവിന് 12.5/- രൂപ പ്രകാരം 100 ഗുണഭോക്താക്കൾക്ക് 1250/- രൂപ അധികം ചെലവഴിക്കുകയുണ്ടായി. ഇപ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക സബ്സിഡിഇനത്തിൽ ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ഗുണഭോക്തൃവിഹിതം കണക്കാക്കിയതിൽ പിഴവ് സംഭവിച്ചു എന്ന മറുപടിയാണ് ഹാജരാക്കിയത്. സബ്സിഡി നൽകിയതിൽ അധികരിച്ച തുക 1250/- രൂപ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും പദ്ധതി അംഗീകരിച്ച കമ്മറ്റി അംഗങ്ങളിൽ (ഭരണാനുമതി നം. 22.01.18) നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-5 പൊതു ടാപ്പുകൾ പൂട്ടുന്നതിനായി വൻ തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു

സെക്രട്ടറി നടപ്പാക്കിയ പൊതു ടാപ്പുകൾ പൂട്ടുന്നത് എന്ന S 093/18-ാം പ്രോജക്ട് പ്രകാരം വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 4 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു (ബിൽ നം.9/28-09-2017) എസ്റ്റിമേറ്റ് പ്രകാരം ടാർ റോഡിലുള്ള 40 ടാപ്പുകൾ കട്ട് ചെയ്യുന്നതിന് ഒരെണ്ണത്തിന് 1017.25 രൂപ പ്രകാരം 40690/-രൂപയും, കോൺക്രീറ്റ് റോഡിലുള്ള 28 ടാപ്പുകൾ കട്ട് ചെയ്യുന്നതിന് ഒരെണ്ണത്തിന് 1030.35രൂപ പ്രകാരം 28849.80രൂപയും പൂഴി റോഡിലുള്ള 280 ടാപ്പുകൾ കട്ട് ചെയ്യുന്നതിന് ഒരെണ്ണത്തിന് 1015.11രൂപ പ്രകാരം 284230.80 രൂപയും (ആകെ 353770.60രൂപ) മറ്റ് ചെലവുകൾ 56229.4 രൂപയും ഉൾപ്പെടെ ആകെ 410000 രൂപയാണ് ചെലവ് കാണിച്ചിട്ടുള്ളത്.

വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം നിലവിൽ 571 പൊതു ടാപ്പുകൾ ആണ് ഉള്ളത്. ഇതിൽ 348 പൊതു ടാപ്പുകൾ പൂട്ടുന്നതിന് പണം ഡെപ്പോസിറ്റ് ചെയ്തത് ഉചിതമല്ല.

ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മറ്റികളിലോ പഞ്ചായത്ത് കമ്മറ്റിയിലോ വിശദമായ ചർച്ച നടന്നിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുകയോ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഫയലിൽ ചേർത്തിട്ടുള്ള ലിസ്റ്റ് പ്രകാരം 68 പൊതു ടാപ്പുകൾ ആണ് പൂട്ടേണ്ടതായി കാണുന്നത്. മാത്രമല്ല ഇതേ വർഷത്തിൽ തന്നെ പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രോജക്ടിനു വേണ്ടിയും വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദമായ ചർച്ചകളില്ലാതെ യുക്തി രഹിതമായി പൊതു ടാപ്പുകൾ പൂട്ടുന്നതിനായി പണം നല്കിയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. മാത്രമല്ല സെക്രട്ടറിയും വാട്ടർ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി വച്ച കരാർ (2/2018-13-03-2018) പ്രകാരം പണം ലഭിച്ച് ആറു മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

## 3-6 വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് പദ്ധതി - പോരായ്മകൾ

പ്രോജക്ട് നം. S0168/18

അടങ്കൽ 271510 ( വികസനഫണ്ട്)

228490 (തനത്ഫണ്ട്)

ചെലവ് 4950 /- (തനത്ഫണ്ട്, ചെക്ക് നം. 11432/09.03.2018)

ഗാർഹിക-സ്ഥാപനതല ജൈവമാലിന്യ സംസ്കരണവും, അജൈവമാലിന്യ പുന:ചംക്രമണവും പ്രവർത്തനങ്ങൾക്കായി ഹരിതകർമ്മസേന രൂപീകരണവും ഹരിതകർമ്മസേനയുടെ തുടർപ്രവർത്തനങ്ങൾക്കായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നതിനായി വി.ഇ.ഒ നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ്. ഹരിതകർമ്മസേനയ്ക്ക് പരിശീലനത്തിനായി തൻവർഷം 4950/- രൂപ സോഷ്യോ എക്കണോമിക്സ് യൂണിറ്റിന് നൽകിയിട്ടുണ്ട്. എന്നാൽ ഹരിതകർമ്മസേനയുടെ രൂപീകരണത്തിനും തുടർപ്രവർത്തനങ്ങൾക്കും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. 18.07.2017-ലെ സ.ഉ (സാധാ) നം.2420/17 പ്രകാരം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഹരിതകേരള മിഷനും, ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡ് മെമ്പർമാരും യോഗം ചേർന്ന് വേണം ഹരിതകർമ്മസേനയെ രൂപീകരിക്കേണ്ടത്. സ്വയംസഹായസംഘങ്ങൾ, മറ്റ് സംവിധാനങ്ങൾ, യോഗ്യതയുള്ള ഏജൻസി എന്നിവയിൽ നിന്നോ ഹരിതസേനയായി ജോലിചെയ്യാൻ താൽപ്പര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചോ വേണം ഹരിതകർമ്മസേന രൂപീകരിക്കേണ്ടത്. മാലിന്യ സംസ്കരണ പരിപാടിയുടെ പൂർണ്ണപ്രവർത്തന പദ്ധതി അംഗീകരിച്ചതിന് ശേഷമാണ് ആവശ്യമായ ഹരിതസേനാംഗങ്ങളുടെ എണ്ണം നിശ്ചയിക്കേണ്ടത്. മാലിന്യ സംസ്കരണ പരിപാടി അംഗീകരിക്കുന്നതിന് മുന്നോടിയായി പ്രചാരണപ്രവർത്തനങ്ങൾ, ആവശ്യകതാനിർണ്ണയ സർവ്വേ എന്നിവയും നടത്തേണ്ടതുണ്ട്. ആവശ്യമായ ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങളോ അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനുമുള്ള മെറ്റിറിയൽ കളക്ഷൻ സെന്ററോ ഇതുവരെ പ്രവർത്തനസജ്ജമാക്കിയിട്ടില്ല. കൂടാതെ അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടില്ല. നിലവിൽ ശേഖരിച്ച മാലിന്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് വഴിയാണ് ക്ലീൻ കേരള മിഷന് കൈമാറുന്നത്. പദ്ധതി നടപ്പിലാക്കുമ്പോൾ ക്ലീൻ കേരളാമിഷനുമായി കരാറിൽ ഏർപ്പെട്ട് മാലിന്യങ്ങൾ കൈമാറാവുന്നതാണ്. ഇത് സംബന്ധിച്ച നൽകിയ എൻക്വയറിക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്പിൽഓവർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ സെന്ററിന്റെ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതായിരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. കേരളത്തിലെ നഗര-പ്രാന്ത പ്രദേശങ്ങളെ അലട്ടുന്ന ഗുരുതരപ്രശ്നങ്ങളിൽ ഒന്നാണ് മാലിന്യനിർമാർജ്ജനം. പദ്ധതിയുടെ നടത്തിപ്പ് ഗൗരവമായി സമീപിക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്റർ ചെയ്യേണ്ടതുമാണ്. പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയ്ക്കായി ചെലവാക്കിയ 4950/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡുകളുടെ പട്ടിക എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 17.02.2017-ലെ ആസൂത്രണ സമിതി യോഗത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നത് സംബന്ധിച്ചും ആസ്തി രജിസ്റ്റർ കാലികമാക്കുന്നത് സംബന്ധിച്ചും ചർച്ച നടത്തി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി പഞ്ചായത്തിനെ മുഴുവൻ ഏകഘടകമായി കണ്ടുകൊണ്ട് റോഡിന്റെ അതാതു സമയത്തെ ആവശ്യകത അനുസരിച്ച് മുൻഗണനാക്രമം തയ്യാറാക്കി അതിൽ നിന്നും പ്രവൃത്തികൾ തിരഞ്ഞെടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് പരിശോധിച്ചതിൽ, വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനങ്ങളൊന്നും തന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുകയോ പ്രോജക്ടിന്റെ നിർവ്വഹണം വിലയിരുത്തുകയോ ചെയ്യുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 പൈപ്പ് കംപോസ്റ്റ് - പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ആരംഭിച്ച് 2017-18 വർഷത്തിൽ

സ്പിൽ ഓവർ ആയി നടപ്പിലാക്കിയ ഈ പ്രോജക്ടിൽ (പ്രോജക്ട് നം. S0161/18), സംസ്ഥാനാവിഷ്കൃതഫണ്ട് 1411575/- രൂപയും നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃവിഹിതം 188410/- രൂപയും നിർമ്മൽപുരസ്കാരം വിഹിതം 282115/- രൂപയും ഉൾപ്പെടെ ആകെ 1882100/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

40000 രൂപ ചെക്ക് നം.2485774/27.10.2017

357782 രൂപ ചെക്ക് നം.390541/27.03.2018

8118 രൂപ ചെക്ക് നം.390542/27.03.2018

പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മുഖേനയാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. സ്ഥാപനവുമായി മാർച്ച് 2017-ൽ ഏർപ്പെട്ട കരാറിൽ 20.09.2012-ലെ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള ഡിസൈൻ, സ്റ്റാൻഡേഡ്, സ്പെസിഫിക്കേഷൻ പ്രകാരം യൂണിറ്റുകൾ വിതരണം ചെയ്യുന്നതിന് സ്ഥാപനം ബാദ്ധ്യസ്ഥമാണ് എന്ന നിബന്ധന ചേർക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ചേർത്തിട്ടില്ല. സ്ഥാപനത്തിന്റെ ബില്ലിലും ഏത് ഡിസൈൻ, സ്റ്റാൻഡേഡ്, സ്പെസിഫിക്കേഷൻ ഉള്ളവയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് ചേർത്തിട്ടില്ല.
2. 11.01.2016-ലെ ജി.ഒ (എം.എസ്) 4/2016 സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീടുകൾക്കുള്ള വിവിധ കംപോസ്റ്റ് യൂണിറ്റുകൾക്ക് നൽകാവുന്ന സബ്സിഡിയുടെ ഉയർന്ന പരിധി 90% ആണ്. 90%സബ്സിഡിയിൽ 75% സർക്കാരും (ശുചിത്വമിഷൻ മുഖേന) 15% ഗ്രാമ പഞ്ചായത്തും വഹിക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഒരു യൂണിറ്റിന്റെ വിലയായ 900/- രൂപയുടെ 10% തുക 90 രൂപ വീതം 451 ഗുണഭോക്താക്കളിൽ നിന്ന് 40590/- രൂപ ഈടാക്കിയിട്ടുണ്ടന്നാണ് അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഈ തുക ഈടാക്കിയിട്ടുള്ളത് 02.07.2015 മുതൽ 21.08.2015 വരെയുള്ള തീയതികളിലാണ്. പ്രോജക്ടിന്റെ ആകെ തുകയായ 405900/- രൂപയുടെ 75% ആയ 304425/- രൂപ ശുചിത്വ മിഷൻ ഫണ്ട് നൽകേണ്ടതിനുപകരം 365900/- രൂപയും ഈ ഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളത്. പഞ്ചായത്ത് വിഹിതം ചെലവഴിച്ചതായി കാണുന്നില്ല.
3. പ്രോജക്ടിന്റെ ഗുണഭോക്താക്കളുടെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.
4. 500 പൈപ്പ് കംപോസ്റ്റുകൾ സ്ഥാപിക്കുന്നതിനാണ് കരാർ വച്ചിട്ടുള്ളത്. 451 എണ്ണം സ്ഥാപിച്ചതിന്റെ ബിൽ ആണ് സ്ഥാപനം ഹാജരാക്കിയിട്ടുള്ളത്.
5. പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
6. 8118/- രൂപ IT ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. തുക അടച്ചതിന്റെ ചലാൻ ഹാജരാക്കിയില്ല.
7. കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പിലോ വികസനസെമിനാറിലോ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയിലോ ഈ പ്രോജക്ടിന്റെ ആവശ്യകത ചർച്ച ചെയ്യപ്പെടുകയോ ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല.
8. 2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലും പൈപ്പ് കംപോസ്റ്റ് പ്രോജക്ട് നടപ്പാക്കി വരുന്നതാണ്. മുമ്പ് പ്രോജക്ടിന്റെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 405900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 നെൽവിത്ത് വിതരണം അപാകതകൾ

പ്രോജക്ട് നം. S0001/18

അടങ്കൽ : 2035350 (വികസനഫണ്ട്)

ബിൽ നം. 1/17-18/29.08.17, 1809200 /-

മേൽ പദ്ധതി പ്രകാരം 45230 kg നെൽവിത്ത് കേരളാ സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും വാങ്ങി പാടശേഖരസമിതി മുഖേന കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. കൃഷി ഓഫീസർ ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കും പ്രകാരമാണ് വിത്ത് വിതരണം നടത്തിയിട്ടുള്ളത്.

| പാടശേഖരസമിതി | വിതരണം ചെയ്തവിത്ത് |
|---|---|
| വെട്ടിക്കരി | 20100 kg |
| പൊന്നാകരി | 11000nkg |
| പൂന്തുറം | 8890 kg |
| പറയകാടൻ | 3660 kg |
| പരപ്പിൽ | 1300 kg |
| പൂത്തുർ | 280 kg |

എന്നാൽ പാടശേഖരസമിതി ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം പരപ്പിൽ, പൂത്തുർ എന്നീ പാടശേഖരസമിതികൾക്ക് യഥാക്രമം 1120 kg, 600 kg നെൽവിത്തുകൾ ലഭ്യമായിട്ടുണ്ട്. ഒരു ഏക്കറിന് 40 kg എന്ന നിരക്കിൽ ചെറുകിട കർഷകർക്കും, നാമമാത്ര കർഷകർക്കും ആണ് നെൽവിത്ത് നൽകിയിട്ടുള്ളത്. വെട്ടിക്കരി പാടശേഖരസമിതിയുടെ വിതരണ രജിസ്റ്റർ പ്രകാരം ശ്രീ. ജോണിച്ചൻ, മീലശ്ശേരിൽ പുന്നപ്ര (458/2 സർവ്വേ നം.) എന്ന കർഷകന് 4.40 ഏക്കർ കൃഷി സ്ഥലത്തിന് 476 kg വിത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. പൊന്നാകരി പാടശേഖരത്തിൽ ശ്രീമതി. വസന്തകുമാരിക്ക് (261/4-1സർവ്വേ നം.) 1.04 ഹെക്ടർ (2.6 Acr) കൃഷിഭൂമിക്ക് 124 kg വിത്ത് നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. കൃഷിസ്ഥലത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ശ്രീ.ജോണിച്ചൻ, മീലശ്ശേരിൽ പുന്നപ്ര, ശ്രീമതി. വസന്തകുമാരി എന്നീ കർഷകർക്ക് യഥാക്രമം 176 kg, 104 kg നെൽവിത്തുകൾക്ക് മാത്രമാണ് അർഹതയുള്ളത്.

സ.ഉ (എം.എസ്) നം.80/17/ത.സ്വ.ഭ.വ 03.04.2017 പ്രകാരം കർഷകർ നിർദ്ദിഷ്ട വിത്തുകളും തൈകളും ഉപയോഗിച്ച് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി കൃഷി ഓഫീസർ പരിശോധിച്ച് വേണം വിത്തുകളുടെ അളവും തുകയും നിശ്ചയിക്കേണ്ടത്. എന്നാൽ പാടശേഖരസമിതി ഹാജരാക്കിയ കൈപ്പറ്റും വിതരണവും കൃഷിഓഫീസർ അംഗീകരിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്. ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പാടശേഖരസമിതിക്ക് സംഭവിച്ച ക്ലറിക്കൽ മിസ്റ്റേക്കാണ് ഇത്തരത്തിൽ വിത്തിന്റെ അളവിൽ വ്യത്യാസം ഉണ്ടായത് എന്നാണറിയിച്ചത്. പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ ആകെ വിസ്തൃതിയായ 916 ഹെക്ടറിൽ 453 ഹെക്ടർ സ്ഥലത്ത് 6 പാടശേഖരങ്ങളിലായി നെൽകൃഷി ചെയ്തുവരുന്നു. വികസനോന്മുഖമായ ഇത്തരം പദ്ധതികളുടെ നടത്തിപ്പിൽ വർക്കിംഗ് ഗ്രൂപ്പുകളും വികസകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും മറ്റും നിർണ്ണായക പങ്ക് വഹിക്കേണ്ടതാണ്. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി കൂടി പ്രവർത്തിക്കേണ്ടതാണ്.

## 3-10 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

എ) അങ്കണവാടി നവീകരണം

ICDS സൂപ്പർവൈസർ നടപ്പാക്കിയ 8-ാം വാർഡിലെ 22-ാം നമ്പർ അങ്കണവാടി നവീകരണം എന്ന S173/18-ാം നമ്പർ പ്രോജക്ടിന് 40:60 അനുപാതത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതവും കേന്ദ്ര വിഹിതവും വകയിരുത്തിയിരുന്നു. പ്രോജക്ടിന്റെ നടത്തിപ്പിനായി DD No.11456/21-3-2018 പ്രകാരം തനത് ഫണ്ട് 40000/-രൂപ PWD ബിൽഡിംഗ് സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്തു. പ്രവൃത്തി ആരംഭിച്ചതായോ കേന്ദ്ര വിഹിതം അനുവദിച്ചതായോ ഉള്ള വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കേന്ദ്ര വിഹിതം PWD ബിൽഡിംഗ് സെക്ഷനിൽ ലഭിച്ചിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 40000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി) പൈപ്പ് ലൈൻ നീട്ടൽ. പ്രോജക്ട് നം. S 150/18

നിർവ്വഹണം : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. വികസനഫണ്ട് 2,50,000/-രൂപയും, ജില്ലാപഞ്ചായത്ത് വിഹിതം 2,50,000/-രൂപയും ഉൾപ്പെടെ 5,00,000/-രൂപ വകയിരുത്തിയിരുന്നു. ഇതിനായി വാട്ടർ അതോറിറ്റി 5,13,000/- രൂപയുടെ എസ്റ്റിമേറ്റ് നൽകിയെങ്കിലും 12-03-2018 ൽ കൂടിയ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം 1(9) പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമല്ലാത്തതിനാൽ വികസനഫണ്ട് തുകയിൽ പരിമിതപ്പെടുത്തി പ്രസ്തുത പ്രവൃത്തി ചെയ്തുതരണമെന്ന് വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിക്കുകയും ബിൽ നം.12/17-10-2017 പ്രകാരം 2,50,000/-രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുകയും ഉണ്ടായി. പരിമിതപ്പെടുത്തിയ തുകയ്ക്ക് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് റിവൈസ് ചെയ്തുനൽകിയതായി കാണുന്നില്ല. 17-10-2017–ൽ പണം ഡെപ്പോസിറ്റ് ചെയ്തെങ്കിലും കരാർ വച്ചത് 13-03-2018-ൽ മാത്രമാണ്. കരാർ പ്രകാരം 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഇതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ 2,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സി) സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ. പ്രോജക്ട് നം. S 097/18

നിർവ്വഹണം : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി KSEB യുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതം 3 ലക്ഷം രൂപയും (വൌച്ചർ നം.764/11-12-2017) പദ്ധതി വിഹിതം 3 ലക്ഷം രൂപയും (ബിൽ നം.13/17-10-2017) ഉൾപ്പെടെ 6 ലക്ഷം രൂപ അസിസ്റ്റന്റ് എഞ്ചിനീയർ KSEB ഇലക്ട്രിക്കൽ സെക്ഷൻ പുന്നപ്രയ്ക്ക് നൽകി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 6 ലക്ഷം രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഡി) പോസ്റ്റ് ഷിഫ്റ്റിംഗ് പ്രോജക്ട് നം. S 151/18

നിർവ്വഹണം : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

പോസ്റ്റ് ഷിഫ്റ്റിംഗ് എന്ന പ്രോജക്ടിനായി 199024/-രൂപ KSEB ഇലക്ട്രിക്കൽ സെക്ഷൻ പുന്നപ്രയ്ക്ക് നൽകി (ബിൽ നം. 14/19-10-2017). ഈ വർക്കുമായി ബന്ധപ്പെട്ട് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 199024/-രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-11 പാലിയേറ്റിവ് കെയർ സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ല

വൌച്ചർ നം.212/17-18 dtd 12.10.17, 345/- (ബിൽ നം. 5/17-18/10.11.17, 26045/-)

വൌച്ചർ നം.146/17-18 dtd 14.08.17 , 205/- (ബിൽ നം. 3/17-18/15.09.17, 20255/-)

വൌച്ചർ നം..149/17-18 dtd 16.08.17, 850/- (ബിൽ നം 3/17-18/15.09.17, 20255/-)

വൌച്ചർ നം.383/17-18 dtd 14.02.18, 950/- (ചെക്ക് നം. 1514571/19.03.18)

മേൽ വൗച്ചറുകൾ പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയോടനുബന്ധിച്ച് സ്റ്റേഷനറി സാധനങ്ങൾ

വാങ്ങിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം വാങ്ങിയവ പാലിയേറ്റീവ് കെയർ സ്റ്റോക്കിലെടുത്തിട്ടില്ല.

2)വൌച്ചർ നം.382/17-18 dtd 12.02.18, 22050 /-(ചെക്ക് നം.1514571/19.03.18)

നോമിനൽ രജിസ്റ്റർ - 2 എണ്ണം

ഫോളോ അപ് രജിസ്റ്റർ - 2 എണ്ണം

പ്രതിരോധ അവലോകന റിപ്പോർട്ട് -50 എണ്ണം

അഡ്വാൻസ് ടൂർ ഫോം -500 എണ്ണം
രജിസ്റ്ററുകളും ഫോമുകളും വാങ്ങിയത് പാലിയേറ്റീവ് കെയർ സ്റ്റോക്കിലെടുത്തിട്ടില്ല.

3)പാലിയേറ്റീവ് കെയർ രോഗികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള കൈപ്പുസ്തകം - 500 എണ്ണം വാങ്ങുന്ന തിനായി 16250/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൈപ്പുസ്തകം സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കുന്നതായിരിക്കും എന്ന് അറിയിക്കുകയുണ്ടായി. സ്റ്റോക്ക് രജിസ്റ്ററുകളുടെ അഭാവത്തിൽ സ്റ്റേഷനറി സാധനങ്ങളുടെയും, രജിസ്റ്ററുകളുടെയും, കൈപ്പുസ്തകത്തിന്റെയും വില 24400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4)<u>പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി കൃത്യമായി യോഗം കൂടുന്നില്ല</u>

പാലിയേറ്റീവ് കെയർ പദ്ധതികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും വേണ്ടി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി കൃത്യമായി യോഗം കൂടേണ്ടതാണ്. മൂന്ന് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി മിനിട്സ് പരിശോധിച്ചതിൽ കൃത്യമായ ഇടവേളകളിൽ യോഗം കൂടുന്നില്ല. തൻ വർഷം 4 തവണ ( 29.08.17, 22.11.17, 23.02.17, 22.03.18), യോഗം കൂടിയിട്ടുള്ളതെങ്കിലും സാമ്പത്തികവർഷാരംഭത്തിൽ യോഗം കൂടിയിട്ടില്ല. ഓഗസ്റ്റ് മാസത്തിലാണ് യോഗം കൂടിയത്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ടുപോകുന്നതിനായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്ന് മേൽനോട്ടം വഹിക്കേണ്ടതാണ്. ഇതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## **3-12** <u>ലൈഫ് പദ്ധതി - ബാങ്ക് അക്കൗണ്ട് രൂപീകരണം</u>

പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ 2009-10 വർഷം EMS ഭവനനിർമ്മാണം പദ്ധതി പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത 5 ഗുണഭോക്താക്കളെ, ലൈഫ് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് ഒന്നാം ഘട്ടം നടപ്പാക്കിയിട്ടുണ്ട്. സമൂഹത്തിൽ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ഭവനനിർമ്മാണം നടത്തുന്നതിനായി ആരംഭിച്ച പദ്ധതിയാണ് ലൈഫ്. നിലവിൽ ഭൂരഹിത ഭവനരഹിതർ 290 പേരും, ഭൂമിയുള്ള ഭവനരഹിതർ 152 പേരുമാണ്. ഇതിൽ ഭൂമിയുള്ള ഭവനരഹിതരിൽ നിന്നും ലൈഫ് രണ്ടാം ഘട്ടത്തിൽ 10 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ലൈഫ് ഗുണഭോക്തൃപട്ടികയിലെ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ആനുകൂല്യം ലഭിക്കുന്ന വിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും, ആനുകൂല്യം കൈപ്പറ്റുന്നവർ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ലൈഫ് പദ്ധതിയുടെ മാർഗ്ഗരേഖ സ.ഉ (എം.എസ്) 151/17 ത.സ്വ.ഭ.വ തീയതി 31.07.2017 പ്രകാരം ഭവനനിധി എന്ന അക്കൗണ്ട് ആരംഭിച്ച് ഫണ്ട് സ്വരൂപിക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നു. എന്നാൽ ഇപ്രകാരം ഒരു അക്കൗണ്ട് പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. ഇത്തരത്തിൽ അക്കൗണ്ട് രൂപീകരിക്കുമ്പോൾ ഗ്രാമപഞ്ചായത്തിലെ സന്നദ്ധസംഘടനകളുടെയും, വ്യക്തികളുടേയും സഹായത്താൽ തുക സ്വരൂപിക്കുന്നതിനും ലൈഫ് ഭവനനിർമ്മാണത്തിൽ സർക്കാർ ഇതരസഹായം ലഭ്യമാകുന്നതിനും സഹായകമാകും. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മേൽനോട്ടം ഉണ്ടാകേണ്ടതും കർമ്മസമിതികൾ രൂപീകരിച്ച്

പദ്ധതിയിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 3-13 വൃദ്ധജന ക്ഷേമ പ്രവർത്തനങ്ങൾ പ്രോജക്ട് (പ്രോജക്ട് നം.S157/18) നടത്തിപ്പ് കാര്യക്ഷമമല്ല

ICDS സൂപ്പർവൈസർ നടപ്പാക്കിയ വൃദ്ധജന ക്ഷേമ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിന്റെ നടത്തിപ്പ് കാര്യക്ഷമമല്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ പഞ്ചായത്ത് കമ്മറ്റിയിലോ പ്രോജക്ട് പത്രികയിലോ നടപ്പാക്കേണ്ട പ്രവൃത്തികൾ എന്തെന്ന് സൂചിപ്പിച്ചിട്ടില്ല. വയോജന ക്ഷേമത്തിനായി വയോജനങ്ങൾക്ക് ശാരീരിക, മാനസിക, സാംസ്കാരിക പിന്തുണാസംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകേണ്ടതാണ്. അതുപോലെ വയോജന സൌഹൃദ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്. എന്നാൽ ഇതൊന്നും പരിഗണിക്കാതെ ബിൽ നം.12/15-01-2018 പ്രകാരം 298890/- രൂപ പിൻവലിച്ച് 81 കട്ടിലുകൾ വാങ്ങി വിതരണം ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. വയോജനങ്ങൾക്ക് കട്ടിൽ എന്ന മറ്റൊരു പ്രോജക്ട് ഉണ്ടായിരിക്കേ വൃദ്ധജന ക്ഷേമ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിലൂടെയും കട്ടിലുകൾ വാങ്ങി വിതരണം ചെയ്തത് പ്രോജക്ട് നടത്തിപ്പ് കാര്യക്ഷമമല്ല എന്നതാണ് കാണിക്കുന്നത്. ഒരേ രീതിയിലുള്ള പ്രവർത്തനങ്ങൾക്കായി വിവിധ പ്രോജക്ടുകൾ ഏറ്റെടുത്തു നടപ്പാക്കുന്നതിനു പകരം ഒറ്റ പ്രോജക്ട് ആയി നടപ്പാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 325800 | സാന്ത്വനം | 325800 | 0 |
| അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 212500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 212500 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 300000 | 0 |
| അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 195000 | പാലിന് ഇൻസെന്റീവ് | 0 | 195000 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 1233300 | | 1038300 | 195000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ.നം./ചെക്ക് നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ലീറ്റ് മെയിൻ സ്ഥാപിക്കൽ | 62/13.10.2017 | 300000 | 0 | 300000 |
| കെ.എസ്.ഇ.ബി | സ്ലീറ്റ് മെയിൻ സ്ഥാപിക്കൽ | 1514565/ 11/12/2017 | 300000 | 0 | 300000 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 63/17.10.2017 | 199024 | 0 | 199024 |
| കേരള വാട്ടർ അതോറിറ്റി | 13-ാം വാർഡിൽ സുനാമി സൈറ്റിൽ ആർ ഒ പ്ലാന്റ് സ്ഥാപിക്കൽ | 189/23.03.2018 | 654564 | 0 | 654564 |
| കേരള വാട്ടർ അതോറിറ്റി | 3-ാം വാർഡിൽ സുനാമി സൈറ്റിൽ ആർ.ഒ പ്ലാന്റ് സ്ഥാപിക്കൽ | 19/23.03.2018 | 195436 | 0 | 195436 |
| കേരള വാട്ടർ അതോറിറ്റി | പൊതു വാട്ടർ ടാപ്പുകൾ പൂട്ടുന്നത് | 51/27.01.2018 | 400000 | 0 | 400000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 61/13.10.2017 | 250000 | 0 | 250000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6946/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2010-11 | 2-2 | 500 | ശ്രീ.ജോ ജോൺ തോമസ്, വള്ളക്കാലിൽ, പഴവീട് | 117010101896/03.11.2017 |
| 2007-08 | 3-1 | 217 | ശ്രീ. രാഘവ പിഷാരടി<br>സെക്രട്ടറി, പുന്നപ്ര | 117010103751/06.02.2018 |
| 2009-10 | 3-2 | 275 | ശ്രീമതി.സബീന, മുൻപ്രസിഡന്റ് | 117010103754/06.02.2018 |
| 2012-13 | 3-2 | 954 | ശ്രീ.പി.ഡി.ജോഷി, സെക്രട്ടറി | 117010100517/09.06.2017 |
| 2012-13 | 2-3 | 5000 | ബാബൂസ് ക്ലിനിക്, പുന്നപ്ര | 117010100475/01.06.2017 |
| ആകെ | | 6946 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 62075681 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 75826146 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 217692 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1943874 |

## (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 75670 | ശ്രീ.കെ.എൻ.വിമൽകുമാർ, സെക്രട്ടറി<br>12.03.2018-ലെ പഞ്ചായത്ത് കമ്മറ്റി യോഗത്തിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങൾ (പേരുവിവരം അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്) |
| 3-2 | | 98400 | ശ്രീ. അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ |
| 3-3 | | 42372 | ശ്രീ.കെ.എൻ.വിമൽകുമാർ, സെക്രട്ടറി |
| 3-4 | | 1250 | ശ്രീ. അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ |
| ആകെ | | 217692 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 9600 | ശ്രീ.കെ.എൻ.വിമൽകുമാർ, സെക്രട്ടറി |
| 3-5 | 410000 | ശ്രീ.കെ.എൻ.വിമൽകുമാർ, സെക്രട്ടറി |
| 3-6 | 4950 | ശ്രീമതി. സുമ, എൽ.വി.ഇ.ഒ |
| 3-8 | 405900 | ശ്രീമതി. ഷൈന ഹാഷിം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 എ | 40000 | ശ്രുമതി.അഞ്ജു അരുമനായകൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-10 ബി | 250000 | ശ്രീ.കെ.എൻ.വിമൽകുമാർ, സെക്രട്ടറി |
| 3-10 സി | 600000 | ശ്രീ.കെ.എൻ.വിമൽകുമാർ, സെക്രട്ടറി |
| 3-10 ഡി | 199024 | ശ്രീ.കെ.എൻ.വിമൽകുമാർ, സെക്രട്ടറി |
| 3-11 | 24400 | ശ്രീമതി. ബിന്ദു പ്രിയ.കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 1943874 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.എൻ.വിമൽകുമാർ, സെക്രട്ടറി | സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് | കുന്നപ്പള്ളി വീട്,<br>പുന്നപ്ര നോർത്ത് പി.ഒ, പറവൂർ, ആലപ്പുഴ |
| ശ്രീ. അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ആര്യാട് ഗ്രാമ പഞ്ചായത്ത് | ലേഖ ഭവൻ, കാട്ടൂർ പി.ഒ, ആലപ്പുഴ |
| ശ്രീമതി.അഞ്ജു അരുമനായകൻ, ഐ. സി.ഡി.എസ്. സൂപ്പർവൈസർ | അമ്പലപ്പുഴ ബ്ലോക്ക് ഓഫീസ് | കൊച്ചൻപറമ്പ്, പുന്നപ്ര പി.ഒ ആലപ്പുഴ |

| | | |
|---|---|---|
| ശ്രീമതി. ഷൈന ഹാഷിം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഏരൂർ ഗ്രാമ പഞ്ചായത്ത് | കുന്നവിള, കുറക്കണ്ണി, വർക്കല പി.ഒ, തിരുവനന്തപുരം |
| ശ്രീമതി. സുമ, എൽ.വി.ഇ.ഒ | എൽ.വി.ഇ.ഒ, പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത് | പദ്മാലയം, നോർത്ത് ആര്യാട് പി.ഒ, മണ്ണഞ്ചേരി |
| ശ്രീമതി. ബിന്ദുപ്രിയ കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത് | സന്ദീപം, പുന്നപ്ര.പി.ഒ, ആലപ്പുഴ |

## 4-10)തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2002-03 | എൽ.എഫ്.ജി.എ5-1832/2011/20.1.12 (ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്) |
| 2003-04 | |
| 2004-05 | |
| 2005-06 | എൽ.എഫ്.ജി.എ5-1832/2011/20.1.12 |
| 2006-07 | എൽ.എഫ്.എ.പി.9/109/2008/18.11.08 |
| 2007-08 | എൽ.എഫ്.എ.പി.8/1760/2011/14.7.12 |
| 2008-09 | എൽ.എഫ്.എ.പി.8/1760/2011/14.7.12 |
| 2009-10 | എൽ.എഫ്.എ.പി.8/1758/2011/8.8.12 |
| 2010-11, 11-12 | എൽ.എഫ്.എ.പി.8/251/2013/26.16.13 |
| 2012-13 | എൽ.എഫ്.എ.പി.8/318/2015/4.8.15 |
| 2013-14, 14-15 | കെ.എസ്.എ.എ.എൽ.പി-പി8/61/16/20.1.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി8/38/17/20.1.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി8/748/2017/19.06.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## **അനുബന്ധം.1**

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(32)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com

തീയതി: 30.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.2

## ഖണ്ഡിക 3-1 നഷ്ടത്തിനുത്തരവാദികളായ ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ സ്ഥിരം മേൽവിലാസം

| വാർഡ് നമ്പർ | പേര് | മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീ. കെ.എഫ്. തോബിയാസ് | കാട്ടുപറമ്പിൽ, പുന്നപ്ര |
| 2 | ശ്രീമതി. സുധർമ്മ | അപ്പക്കാരൻപറമ്പ്, പുന്നപ്ര |
| 3 | ശ്രീ.റ്റി. പ്രദീപ് | മഠത്തിൽപറമ്പിൽ, പുന്നപ്ര |
| 4 | ശ്രീമതി.സിന്ധുമോൾ. റ്റി. ബി | വാണിയംപറമ്പ്, പുന്നപ്ര |
| 5 | ശ്രീ. ഉണ്ണികൃഷ്ണൻ | കുന്നേൽ, പുന്നപ്ര |
| 6 | ശ്രീമതി. സുലഭ ഷാജി | പുഴക്കര, പുന്നപ്ര |
| 7 | ശ്രീ.ആർ.രജിമോൻ | ചെറിയ പഴങ്ങാട്, പുന്നപ്ര |
| 8 | ശ്രീമതി.സെലീന.എ | പോത്തശ്ശേരി, പുന്നപ്ര |
| 9 | ശ്രീമതി.എം. ഷീജ | ആശാരിവെളി, പുന്നപ്ര |
| 11 | ശ്രീമതി.ഇന്ദുലേഖ | വെളിന്തറ, പുന്നപ്ര |
| 12 | ശ്രീമതി. ഫൗസിയ നിസാർ | നാളിയാട് വടക്കേതിൽ, പുന്നപ്ര |
| 13 | ശ്രീമതി.ലത.കെ.കെ | കണ്ണപ്പശ്ശേരിൽ, പുന്നപ്ര |
| 14 | ശ്രീമതി. കൃഷ്ണപ്രിയ.പി | പുതുവൽ, പുന്നപ്ര |
| 15 | ശ്രീമതി. ബിന്ദു ബിജു | അനിഴം (കിഴക്കേ തയ്യിൽ), പുന്നപ്ര |
| 16 | ശ്രീമതി. മേഴ്സി അലോഷ്യസ് | കൊച്ചിക്കാരൻ വീട്, പുന്നപ്ര |
| 17 | ശ്രീമതി. ഉഷ ഫ്രാൻസിസ് | കറുകപ്പറമ്പിൽ, പുന്നപ്ര |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |

| | | |
|---|---|---|
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ